പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3 8.2.2016 ൽ മറുപടിയ്ക്ക്

**ജനസമ്പർക്ക പരിപാടിയിലെ വാഗ്ദാനം**

ചോദ്യം

ശ്രീ.പി.ശ്രീ.രാമകൃഷ്ണൻ

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ തവണ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ പൊന്നാനി മണ്ഡലത്തിലെ പൂർണ്ണമായി തകർന്ന കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18 കോടി അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;<br><br>ബി) ഇതിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് വഴി സർക്കാരിനു ലഭിച്ചിട്ടുണ്ടോ; അവ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;<br><br>സി) തീരദേശ റോഡുകൾ അടക്കം കടൽ കവർന്ന് ഗതാഗതം സ്തംഭിച്ച തീരദേശ മേഖലയിൽ അടിയന്തിരമായി പദ്ധതി നടപ്പാക്കുമോ? | എ)+ബി) +സി)<br><br>പൊന്നാനി മണ്ഡലത്തിലെ തകർന്ന കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18.00 കോടി രൂപയുടെ എസ്റ്റിമേറ്റ് ജലവിഭവ വകുപ്പിൽ ലഭിക്കുകയുണ്ടായി. എന്നാൽ കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014) യുടെ തീരുമാനപ്രകാരം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടൽ ക്ഷോഭങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാനും കടൽക്ഷോഭത്തെ തടയുന്നതിന് പുലിമുട്ടുകൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിനും വേണ്ടി കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൂനെയിലുള്ള CWPRS നെ (Central Water Power Research Station) ചുമതലപ്പെടുത്തുകയും, ആയതുപ്രകാരം ലഭ്യമായ CWPRS ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി/ പുലിമുട്ടുകളുടെ ഡിസൈൻ തയ്യാറാക്കിയതിനു ശേഷം ഈ പ്രവൃത്തി ഉൾപ്പെടെയുള്ള തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ